# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 6464 08.11.2016- ൽ മറുപടിക്ക്**

## പരമ്പരാഗത കൈത്തറി നെയ്ത്ത് തൊഴിലാളികളെ സംരക്ഷിക്കുവാൻ കർമ്മ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.അടൂർ പ്രകാശ് | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | |
|---|---|
| (എ) പരമ്പരാഗത കൈത്തറി നെയ്ത്ത് തൊഴിലാളികളെ സംരക്ഷിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) കൈത്തറി തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള കർമ്മപദ്ധതികൾ താഴെ ചേർക്കുന്നു.<br>1.നെയ്ത്തുകാർക്കുള്ള പ്രചോദന പരിപാടി.<br>2.സ്വയം തൊഴിൽ പദ്ധതി.<br>3.ഹാന്റ്ലൂം വില്ലേജ്.<br>4.സംഘത്തിന്റേയും നെയ്ത്തുകാരുടേയും ഷെഡ്ഡു നവീകരണം.<br>5. ഷോറൂം നവീകരണം.<br>6.കൈത്തറി വസ്ത്ര പ്രദർശനവും പ്രചാരണവും.<br>7.വൈദഗ്ധ്യവികസനം.<br>8.ബ്രാന്റിംഗ്.<br>9.ഡിസൈൻ ബാങ്കുകളും നൂതന ഡിസൈനുകളും.<br>10.മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ വികസനം.<br>11. വിപണന മേളയും, ബയർ സെല്ലർ മീറ്റും.<br>12. ദേശീയ കൈത്തറി മേള.<br>13. ഇൻകുബേഷൻ സെന്റർ.<br>14. നാനോ ലൂമും കോട്ട് ലൂമും.<br>15. അസംസ്കൃത വസ്തുക്കളുടെ ലഭ്യത.<br>16.സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. |
| (ബി) പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിവരിക്കുമോ? | (ബി) ഈ മേഖലയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നതിനായി സ്വയം തൊഴിൽ പദ്ധതി പ്രകാരം കുറഞ്ഞത് 10 ലൂം എങ്കിലുമുള്ള സംരംഭം തുടങ്ങുന്നതിനായി സഹായം നൽകുന്നു. ഈ പദ്ധതി അനുസരിച്ച് സംരംഭം ആരംഭിക്കുവാൻ 40% മാർജിൻ മണി ഗ്രാന്റ് നൽകി വരുന്നു. ഹാന്റ്ലൂം മേഖലയെ ടൂറിസവുമായി ബന്ധപ്പെടുത്തി കൈത്തറിക്കു കൂടുതൽ വിപണി കണ്ടെത്തുന്നതിനായി ഹാന്റ്ലൂം വില്ലേജ് ആരംഭിക്കാനുള്ള നടപടികൾ എടുത്തു വരുന്നു. മൂല്യ |

വർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് കൊല്ലം, തിരുവനന്തപുരം, കോഴിക്കോട് ജില്ല കളിലെ കൈത്തറി ക്ലസ്റ്ററുകൾക്ക് മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ വികസന പദ്ധതി അനുസരിച്ച് സഹായം നൽകി വരുന്നു. സംരംഭകരെ സ്വന്തമായി യൂണിറ്റ് ആരംഭിക്കാൻ പ്രാപ്തരാക്കുന്നതിനായി ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുകയും ഈ സെന്ററിൽ ഇവർക്ക് 12 മാസക്കാലയളവിലേക്ക് സ്ഥലസൗകര്യങ്ങളും, സാങ്കേതിക സഹായവും പരിശീലനവും നൽകുന്നതിന് പ്രാപ്തവുമാണ്. നെയ്ത്തുകാർക്ക് ഗുണമേൻമയുള്ള അസംസ്കൃത വസ്തുക്കൾ സുലഭമായി ലഭ്യമാക്കുന്നതിന് നാഷണൽ ഹാന്റ്ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ റോ മെറ്റീരിയൽ ഡിപ്പോ ബാലരാമപുരത്തും കണ്ണൂരും ആരംഭിച്ചു, കൂടാതെ, 1-ാം ക്ലാസ്സ് മുതൽ 8-ാം ക്ലാസ്സ് വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് 2 ജോഡി കൈത്തറി യൂണിഫോം വീതം സൗജന്യമായി നൽകുന്ന പദ്ധതിയിലൂടെ തൊഴിലാളികൾക്ക് വർഷത്തിൽ കുറഞ്ഞത് 200 ദിവസത്തെ തൊഴിൽ നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ